**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2936** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഡീഅഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീഅഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | വിമുക്തി മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും സർക്കാർ ആശുപത്രികളോടനുബന്ധിച്ച് 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളിൽ ഡീ-അഡിക്ഷൻ ഒ.പി. വിഭാഗം, കിടത്തി ചികിത്സ (ഇൻപേഷ്യന്റ് വിഭാഗം), അസ്സസ്സ്മെന്റ് ഓഫ് ഡ്രഗ്സ്/ ആൽക്കഹോൾ അബ്യൂസ് പ്രോബ്ലം, ഡീ ടോക്സിഫിക്കേഷൻ തെറാപ്പി, രോഗികൾക്കും കുടുംബത്തിനുമുള്ള കൗൺസിലിംഗ്, ഗ്രൂപ്പ് തെറാപ്പി, ബോധവൽക്കരണ ക്ലാസ്സുകൾ, ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സ തേടിയവരുടെ തുടർ ചികിത്സ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തിരം ഒ.പി. വിഭാഗത്തിൽ 37390 പേർക്കും ഐ.പി വിഭാഗത്തിൽ 3999 പേർക്കും ചികിത്സ നൽകിയിട്ടുണ്ട്. |
| (ബി) | ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രസ്തുത ഡീഅഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഫണ്ടുകളുടെ അപര്യാപ്തതമൂലം ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ